**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**<u>പോലീസ് സേനാംഗങ്ങളിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുവാൻ നടപടി</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 115 26/02/2018-ൽ മറുപടിക്ക്**

| **<u>ചോദ്യം</u>**<br>**ശ്രീ.യു.ആർ.പ്രദീപ്** | **<u>മറുപടി</u>**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|

<table>
<tr>
<td>(എ)</td>
<td>സംസ്ഥാന പോലീസ് സേനയിൽ എത്ര സിവിൽ പോലീസ് ആഫീസർ, സീനിയർ സിവിൽ പോലീസ് ആഫീസർ തസ്തിക നിലവിലുണ്ട്;</td>
<td>(എ)</td>
<td>
<table>
<tr><td>തസ്തിക</td><td>എണ്ണം</td></tr>
<tr><td>സിവിൽ പോലീസ് ഓഫീസർ</td><td>27,140</td></tr>
<tr><td>പോലീസ് കോൺസ്റ്റബിൾ</td><td>9,161</td></tr>
<tr><td>സീനിയർ സിവിൽ പോലീസ് ഓഫീസർ</td><td>7,688</td></tr>
<tr><td>ഹവീൽദാർ</td><td>1,407</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>ഇതിൽ എത്ര എണ്ണം നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വനിതാ സിവിൽ പോലീസ് ആഫീസർമാരുടെ തസ്തിക ആകെയുള്ളതിന്റെ എത്രശതമാനമാണ് ഉള്ളത്; ഇത് പതിനഞ്ചു ശതമാനമായി ഉയർത്തി ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് എന്നാണ് പ്രാബല്യത്തിൽ വന്നത്; വിശദാംശം വ്യക്തമാക്കുമോ;</td>
<td>(ബി)</td>
<td>പ്രസ്തുത തസ്തികകളിൽ നിലവിലുണ്ടായിരുന്ന 2,375 ഒഴിവുകളിലേയ്ക്ക് നിയമനം ലഭിച്ചവരുടെ പരിശീലനം നടന്നു വരുന്നു. വനിതാ സിവിൽ പോലീസ് ആഫീസർമാരുടെ തസ്തിക ഇപ്പോൾ ആകെയുള്ളതിന്റെ 11.40% ആണ്. വനിതാ പോലീസിന്റെ അംഗസംഖ്യ 15 ശതമാനമായി ഉയർത്തുവാനുള്ള നടപടികൾ അനുവർത്തിച്ചുവരുന്നു.</td>
</tr>
<tr>
<td>(സി)</td>
<td>പോലീസ് സേനാംഗങ്ങളിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദാംശം വ്യക്തമാക്കുമോ ?</td>
<td>(സി)</td>
<td>പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി നിലവിൽ കോൺസ്റ്റബിൾ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 15% വനിതകളെ നിയമിക്കുന്നതിനായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്. വനിതാ പോലീസിന്റെ അംഗബലം ഘട്ടം ഘട്ടമായി 15% ആക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചുകൊണ്ടും ആയതിലേക്ക് 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെയും 20 വനിതാ പോലീസ് ഹവീൽദാർമാരുടെയും തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ